ശ്രീ. പി. നാണു: ലാൻഡ് മാക്സിമം സംബന്ധിച്ച് എന്തെങ്കിലും ആ റിപ്പോർട്ടിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: മാക്സിമത്തെ സംബന്ധിക്കുന്നതല്ല, അതു ലാൻഡ് ടാക്സ് റിപ്പോർട്ടാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പബ്ലിക്ക കമ്മിറ്റികളുടെ റിപ്പോർട്ട പരസ്യപ്പെടുത്തണമെന്നാവശ്യപ്പെട്ടാൽ, പരസ്യപ്പെടുത്തുമോ?

ശ്രീ. എ. ജെ. ജോൺ: വേണമെന്നു തോന്നിയാൽ, ചിലതെല്ലാം പരസ്യപ്പെടുത്തും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ റിപ്പോർട്ട പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പരസ്യപ്പെടുത്തിയിട്ടില്ല.

Sri. D. Gnanasigamoni : May I know whether this land tax is also referred to the Land Committee for report ?

Sri. A. J. John : Some points have been referred to the Land Committee also.

സാമുദായിക സംഘടനകൾ

*൩൨൦. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സാമുദായികസംഘടനകളെ സർവ്വെണ്ട് അംഗീകരിക്കുന്നുണ്ടോ;

(ബി) ഇക്കൊല്ലം സമുദായസംഘടനകളുടെ അപേക്ഷകളും നിവേദനങ്ങളും സർവ്വെണ്ടു് അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്ന സമുദായസംഘടനകളെ സാധാരണയായി അംഗീകരിക്കാറില്ല.

(ബി) ഇല്ല.

ശ്രീ. പി. നാണു: രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടാത്ത ഏതെങ്കിലും സമുദായസംഘടന നമ്മുടെ നാട്ടിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: രാഷ്ട്രീയകാര്യങ്ങളിൽ ഇടപ്പെടുകയില്ലെന്ന പ്രഖ്യാപനം ചെയ്തുകൊണ്ടു പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ള സമുദായസംഘടനകൾ ഉണ്ട്.

ശ്രീ. പി. നാണു: ആ സംഘടനകൾ പ്രമേയം അനുസരിച്ചുതന്നെയാണോ പ്രവർത്തിക്കുന്നതു്, അതോ രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സമുദായസംഘടനകൾക്കു നല്കിക്കൊണ്ടിരിക്കുന്ന ഗ്രാൻഡ് തുടർന്നു നല്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചിന്താവിഷയമായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു: സമുദായസംഘടനകളെ അംഗീകരിക്കുക എന്നു വച്ചാൽ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സമുദായസംഘടനകളെ കഴിയുന്ന വിധത്തിൽ പ്രോത്സാഹിപ്പിക്കാതിരിക്കുക എന്നുള്ളതാണ് ഗവർമ്മെണ്ടിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അച്യുക്കൻ: ലത്തീൻകൃസ്ത്യൻ, സിറിയൻ കൃസ്ത്യൻ എന്നീ സമുദായങ്ങളെ സംഘടനകളായിട്ടാണോ, ഗവമ്മെണ്ട് പരിഗണിക്കുന്നത്?

Mr. Speaker: That question is not definite.

Sri. D. Gnanasigamoni: Is not this matter limited to appointments in the public service only?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ട് ഭാഗത്തുനിന്നു പറഞ്ഞിട്ടുള്ള മറുപടിയിൽ പബ്ലിക്ക സർവ്വീസിനെപ്പറ്റി പറഞ്ഞിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: രാഷ്ട്രീയവും സാമുദായികവും എന്താണെന്നു ഗവമ്മെണ്ട് ഡിഫൈൻ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മിസ്റ്റർ ഗംഗാധരൻനായക്ക് അറിയാവുന്നതുപോലെ ഗവമ്മെണ്ടിനും അറിയാം. പ്രത്യേകമായ ഡെഫനിക്ഷന്റെ ആവശ്യമില്ല.

പോലീസ് ഡിപ്പാർട്ടുമെണ്ടിലെ ഇൻസ്പെക്ടറന്മാർ

*൩൨൯. (൧) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.

(എ) പോലീസ് ഡിപ്പാർട്ടുമെണ്ടിലെ എത്ര ഇൻസ്പെക്ടറന്മാരെ കഴിഞ്ഞ ഡിപ്പാർട്ടുമെണ്ട് പരിഷ്കരണവേളയിൽ ഹെഡ്കാൺസ്റ്റബിൾമാരായി തരംതാഴ്ത്തിയിട്ടുണ്ട്;

(ബി) അവരിൽ എത്രപേർ മുൻ തിരുവിതാംകൂർ സർവ്വീസുകാരും മുൻ കൊച്ചി സർവ്വീസുകാരുമായിരുന്നു;

(സി) അപ്രകാരം തരം താഴ്ത്തുന്നതു എന്തു പരിഗണന വെച്ചായിരുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആരെയും തരം താഴ്ത്തിയിട്ടില്ല.

(ബിയും സിയും) എ. യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: മുൻപു സബ് ഇൻസ്പെക്ടർമാരായി ജോലി നോക്കിയിട്ടുള്ള ആളുകളെ തരം താഴ്ത്തിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: തരം താഴ്ത്തിയിട്ടില്ല, റിവർട്ട ചെയ്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പരീക്ഷായോഗ്യതയുടെ മാനദണ്ഡം ഇങ്ങനെ റിവർട്ട ചെയ്യുന്നതിനു കാരണമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുമാത്രമല്ല, കുറെ സബ് ഇൻസ്പെക്ടർമാരെ റിടഞ്ചു ചെയ്യേണ്ടിവന്നപ്പോൾ ചിലരെ താല്ക്കാലികമായി റിവർട്ട ചെയ്തിട്ടുണ്ട്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അങ്ങനെ എത്രപേരെ റിവർട്ട ചെയ്തിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: അഞ്ചാറുപേരെ റിവർട്ട ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly